**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3695** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് കൺസഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സിയിൽ ടിക്കറ്റ് ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | കാസർഗോഡ് മംഗലാപുരം റൂട്ടിൽ സംസ്ഥാന അതിർത്തി വരെ വിദ്യാർത്ഥി കൺസഷൻ സാധാരണ രീതിയിൽ നൽകി വരുന്നുണ്ട്. എന്നാൽ പ്രസ്തുത റൂട്ടിലെ അന്തർസംസ്ഥാന യാത്രയ്ക്ക് കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കാസർഗോഡ് - മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ യാത്രാ സൗകര്യം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്.<br><br>1. ഒരു കലണ്ടർ മാസം 20 ദിവസം യാത്ര ചെയ്യാവുന്ന നിരക്കിൽ 30 ദിവസം യാത്ര അനുവദിക്കുന്ന തരത്തിൽ 30% നിരക്കിളവ് ലഭ്യമാക്കുന്നതാണ്.<br><br>2. വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നതിന്റെ പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>3. ഒരു വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള മുഴുവൻ സമയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് നിരക്കിളവ് അനുവദിക്കുന്നത്. |
| (ബി) | 2024 - 25 വർഷം എത്ര വിദ്യാർത്ഥികൾക്കാണ് ടിക്കറ്റ് ഇളവ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | മതിയായ രേഖകൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ച ഇരുപത്തിമൂന്ന് (23) വിദ്യാർത്ഥികൾക്ക് 2024-2025 കാലയളവിൽ ടിക്കറ്റ് ഇളവ് നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് ഗുണകരവും സൗകര്യപ്രദവുമായ രീതിയിൽ ടിക്കറ്റ് കൺസഷൻ പാസ് അനുവദിക്കുന്നതിന് കാസർകോട് കെ.എസ്.ആർ.ടി.സിക്ക് നിർദ്ദേശം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കാസർഗോഡ് മംഗലാപുരം റൂട്ടിൽ സംസ്ഥാന അതിർത്തി വരെ വിദ്യാർത്ഥി കൺസഷൻ സാധാരണ രീതിയിൽ നൽകി വരുന്നുണ്ട്. എന്നാൽ പ്രസ്തുത റൂട്ടിലെ അന്തർസംസ്ഥാന യാത്രയ്ക്ക് കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന |

| | | | |
|---|---|---|---|
| | | | കർണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കാസർഗോഡ് - മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ യാത്രാ സൗകര്യം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്.<br><br>1. ഒരു കലണ്ടർ മാസം 20 ദിവസം യാത്ര ചെയ്യാവുന്ന നിരക്കിൽ 30 ദിവസം യാത്ര അനുവദിക്കുന്ന തരത്തിൽ 30% നിരക്കിളവ് ലഭ്യമാക്കുന്നതാണ്.<br><br>2. വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നതിന്റെ പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>3. ഒരു വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള മുഴുവൻ സമയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് നിരക്കിളവ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ